# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 390.　　　　06-03-2012-ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

ചോദ്യം

ശ്രീ . ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. എ.റ്റി. ജോർജ്ജ്.
ശ്രീ. ഹൈബി ഈഡൻ.

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജ വകുപ്പ് മന്ത്രി.)

(എ) വൈദ്യുതി ചാർജ്ജ് കുടിശ്ശിക സമയ ബന്ധിതമായി പിരിച്ചെടുക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(എ) (1) കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം സമയബന്ധിതമായി വിച്ഛേദിക്കുക.

(ii) കുടിശ്ശിക അടച്ചു തീർക്കാൻ തവണ വ്യവസ്ഥ അനുവദിക്കുക.

(iii) എൽ.ടി.,എച്ച്.ടി. ഇ. എച്ച്.ടി. വിഭാഗങ്ങളിൽ ദീർഘകാലമായി കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾക്കായി പലിശയിൽ ഇളവനുവദിച്ചു കൊണ്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പ്രത്യേക പദ്ധതി 01.02.2012 മുതൽ 31.03.2012 വരെ നടപ്പിലാക്കി കൊണ്ടിരിക്കുന്നു.

(iv) പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ പ്ളാന്റേഷനുകൾ എന്നിവ തുറന്നു പ്രവർത്തിക്കുകയാണെങ്കിൽ പൂട്ടി കിടന്ന കാലയളവിലെ ഫിക്സഡ് ചാർജ്/ഡിമാന്റ് ചാർജ്ജ് എന്നിവ ഒഴിവാക്കി

നൽകുവാനുള്ള ഉത്തരവ് 31.12.2011 വരെ പ്രാബല്യം നൽകിയിട്ടുണ്ട്.

(v) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുക.

(vi) കുടിശ്ശിക സംബന്ധിച്ച് കോടതികളിൽ കെട്ടികിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുക എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ബി) | 'ഒറ്റത്തവണ കുടിശ്ശിക തീർപ്പാക്കൽ' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ; | (ബി) | ഒറ്റത്തവണ തീർപ്പാക്കൽ പ്രത്യേക പദ്ധതി നടപ്പിലാക്കാനുള്ള ഉത്തരവ് 17.02.2012 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം താഴെ പ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി എൽ.ടി., എച്ച്.ടി., ഇ.എച്ച്.ടി. വിഭാഗ ങ്ങളിൽ ദീർഘകാല മായി കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കളുടെ കുടിശ്ശിക പലിശയിൽ ഇളവനുവദിച്ചു കൊണ്ട് 01.02.2012 മുതൽ 31.03.2012 വരെയുള്ള കാലയളവിൽ പിരിച്ചെടുക്കുന്നതാണ്.<br><br>(i) ഈ പ്രത്യേക പദ്ധതിയിൽ മൂന്നു വർഷത്തി ലധികമായി കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കളെ മാത്രമാണ് പരിഗണിക്കുന്നത്.<br><br>(ii) ഈ പദ്ധതിയിലെ നേട്ടം ലഭ്യമാക്കുവാൻ ഉപഭോക്താവ് കുടിശ്ശികയിലെ മുഴുവൻ മുതലും ഒറ്റത്തവണയിൽ അടയ്ക്കേണ്ടതാണ്. |

(iii) മുതൽ അടച്ചു കഴിഞ്ഞാൽ കുടിശ്ശിക തീർപ്പാക്കൽ പിഴപ്പലിശ 5% ആയി നിജപ്പെടുത്തുന്നതാണ്. പൂട്ടിക്കിടന്ന വ്യവസായ ശാലകൾ തുറന്നു പ്രവർത്തിക്കുകയോ/തീർപ്പാക്കലോ ചെയ്യുന്നു വെങ്കിൽ കുടിശ്ശകയുടെ പലിശ 3% ആയി നിജപ്പെടുത്തി നൽകുന്നതാണ്.

(iv) സർക്കാർ സ്ഥാപനങ്ങൾ കുടിശ്ശികയുടെ മുതൽ മുൻകൂറായി അടച്ചുതീർത്താൽ പിഴപ്പലിശ 3% ആയി ഇളവു ചെയ്തു നൽകുന്നതാണ്.

(v) വൈദ്യുത ബന്ധം അഴിച്ചു മാറ്റിയിട്ടുണ്ടു് എങ്കിൽ മിനിമം ഡിമാൻറ് ചാർജ്/ഫിക്സഡ് ചാർജ് എന്നിവ ഈടാക്കുന്നത് വൈദ്യുത ബന്ധം വിഛേദിച്ച തീയതി മുതൽ 6 മാസക്കാലത്തേക്ക് മാത്രമായി ചുരുക്കുന്നതാണ്.

(vi) ഡിസ്മാൻറിൽ ചെയ്യാനുള്ള തീയതിക്കു ശേഷം ഉപഭോക്താവിൽ നിന്നും മിനിമം ഗ്യാരണ്ടി/വാടക ബാധ്യത ഒഴികെ മറ്റൊരു വിധത്തിലുള്ള ചാർജ്ജുകളും ഈടാക്കാൻ പാടില്ല.

(vii) റവന്യൂ റിക്കവറി നടപടികൾ തുടങ്ങിയിട്ടുള്ള ഉപഭോക്താക്കളുടെ കാര്യത്തിൽ കുടിശ്ശിക തീർപ്പാക്കൽ നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് റവന്യൂ വകുപ്പിനെ അറിയിച്ചിരിക്കേണ്ടതും റവന്യൂ നടപടികളുടെ ചാർജ് ഈടാക്കി[illegible]ക്കേണ്ടതാണ്

(viii) നിലവിലുള്ള കോടതി കേസുകൾ പിൻ വലിക്കുന്നതിനു വിധേയമായി മാത്രമേ കുടിശ്ശിക തിർപ്പാക്കൽ നടപ്പിലാക്കാൻ പാടുള്ളു.

(ix) സാമ്പത്തിക പരിധിയില്ലാതെ എല്ലാ ലോ ടെൻഷൻ ഉപഭോക്താക്കളുടെയും കുടിശ്ശിക തീർപ്പാക്കാനുള്ള ചുമതല ബന്ധപ്പെട്ട ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ മാരിൽ നിക്ഷിപ്തമാക്ക പ്പെട്ടിരിക്കുന്നു.

(x) എച്ച്.ടി., ഇ.എച്ച്.ടി. ഉപഭോക്താക്കളുടെ കുടിശ്ശിക തീർപ്പാക്കാൻ ഫുൾ ടൈം മെമ്പേഴ്സിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(xi) ഈ പദ്ധതി പ്രകാരം കുടിശ്ശിക നിവാരണം നടത്താനുദ്ദേശിക്കുന്ന ലോ ടെൻഷൻ ഉപഭോക്താക്കൾ അപേക്ഷ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ നൽകേണ്ടതും കുടിശ്ശികയുടെ മുതൽ സെക്ഷനിൽ സ്വീകരിക്കുന്നതുമാണ്. തുടർന്ന്, അപേക്ഷ കുടിശ്ശിക തീർപ്പാക്കുവാനായി ബന്ധപ്പെട്ട് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് നൽകേണ്ടതാണ്

(xii) എച്ച്.ടി., ഇ.എച്ച്.ടി. ഉപഭോക്താക്കളുടെ അപേക്ഷ സ്പെഷ്യൽ ഓഫിസറുടെ (റവന്യു) ഓഫിസിൽ സ്വികരിച്ച് കുടിശ്ശികയുടെ മുതൽ ശേഖരിക്കേണ്ടതും തുടർന്ന് തീർപ്പക്കാലിന് ഫുൾടൈം മെമ്പേഴ്സിന് സമർപ്പിക്കേണ്ടതാണ്

(xiii) പബ്ലിക് റിലേഷൻസ് ഓഫീസറും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരും പദ്ധതിയെക്കുറിച്ചുള്ള വ്യാപകമായ പരസ്യം നൽകേണ്ടതാണ്.

(xiv) ഈ പ്രത്യേക പദ്ധതിയുടെ വിശദാംശങ്ങൾ എല്ലാ സർക്കാർ, പൊതുമേഖല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും തലവൻമാരെ അറിയിക്കാനുള്ള ചുമതല ചീഫ് എഞ്ചിനീയറിൽ (കൊമേഴ്സ്യൽ&താരിഫിൽ)നിക്ഷിപ്തമായിരിക്കുന്നതാണ്.

(സി) ഏതെല്ലാം വിഭാഗം ഉപഭോക്താക്കൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്?

ഈ പദ്ധതിയുടെ പ്രയോജനം മൂന്നു വർഷക്കാലത്തിലേറെയായി കുടിശ്ശിക വരുത്തിയിട്ടുള്ള എല്ലാ എൽ.ടി., എച്ച്.ടി., ഇ.എച്ച്.ടി. ഉപഭോക്താക്കൾക്കും ലഭിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ.**